# കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്ത്

# 2026 – 2027
# സാമ്പത്തികവർഷത്തെ ബജറ്റ്

# പൊതുവിവരങ്ങൾ

| | | | | |
|---|---|---|---|---|
| വിസ്തൃതി | : | 205.54 ച.കി.മീ | | |
| അതിരുകൾ | : | വടക്ക് | : | കാസർഗോഡ് ബ്ലോക്ക് പഞ്ചായത്ത് |
| | | തെക്ക് | : | നീലേശ്വരം ബ്ലോക്ക് പഞ്ചായത്ത് |
| | | കിഴക്ക് | : | പരപ്പ ബ്ലോക്ക് പഞ്ചായത്ത് |
| | | പടിഞ്ഞാറ് | : | കാഞ്ഞങ്ങാട് നഗരസഭ, അറബിക്കടൽ |
| ജനസംഖ്യ (2011) | : | സ്ത്രീകൾ | | 96,746 |
| | | പുരുഷന്മാർ | | 84,891 |
| | | **ആകെ** | | **1,81,637** |
| | | പട്ടികവർഗ്ഗം | | 5856, പുരു. 2890, സ്ത്രീ. 2966 |
| | | പട്ടികജാതി | | 3928 പുരു. 1962, സ്ത്രീ. 1966 |
| ജനസാന്ദ്രത | : | ച.കി.മീ.ന് 884 | | |
| സാക്ഷരത നിരക്ക് | : | 90 % | | |
| ഉൾപ്പെടുന്ന ഗ്രാമപഞ്ചായത്തുകൾ | : | അജാനൂർ, പള്ളിക്കര, ഉദുമ, പുല്ലൂർ പെരിയ, മടിക്കൈ | | |
| ബ്ലോക്ക് ഡിവിഷനുകൾ | : | 15 | | |
| താലൂക്ക് | : | ഹോസ്ദുർഗ്ഗ് | | |
| ജില്ല | : | കാസർഗോഡ് | | |

# അടിസ്ഥാന വിവരങ്ങൾ

| ക്രമ നമ്പർ | ഗ്രാമ പഞ്ചായത്ത് | വിസ്തൃതി ച.കി.മീ | ആകെ വാർഡ് (എണ്ണം) | നിയമസഭാ മണ്ഡലം |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| 1. | അജാനൂർ | 27.83 | 23 | കാഞ്ഞങ്ങാട് |
| 2 | മടിക്കൈ | 51.83 | 15 | കാഞ്ഞങ്ങാട് |
| 3 | പുല്ലൂർ - പെരിയ | 63.25 | 17 | ഉദുമ |
| 4 | പള്ളിക്കര | 39.09 | 21 | ഉദുമ |
| 5 | ഉദുമ | 23.54 | 22 | ഉദുമ |
| | **ആകെ** | **205.54** | **98** | |

# ആമുഖം



ബഹുമാന്യരേ,

ജനകീയ ആസൂത്രണപദ്ധതികൾ പ്രാവർത്തികമാക്കിയതിലൂടെ നാടിന്റെ സമഗ്രമായ വികസനപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുമെന്നതിനും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനും ജനാധിപത്യ പ്രാദേശിക സർക്കാരുകൾ എന്നും മുൻപന്തിയിൽ തന്നെയാണ് നിലകൊള്ളുന്നത്. പുതിയ ഭരണസമിതിയുടെ കാലയളവിലെ ആദ്യത്തെ ബജറ്റാണ് അവതരിപ്പിക്കാൻ പോകുന്നത്.

(കഴിഞ്ഞകാലങ്ങളിലെ ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികളും പ്രവത്തനങ്ങളും ഏറെകുറെ നടപ്പിലാക്കാൻ നമ്മൾക്ക് സാധിച്ചിട്ടുണ്ട്). വിവിധ കേന്ദ്രസംസഥാന പദ്ധതികൾ, മറ്റു പ്രാദേശിക സർക്കാർ ഫണ്ടുകൾ, പഞ്ചായത്തിന്റെ തനതുവരുമാനം എന്നിവ കൂടി ഉൾപ്പെടുത്തി വിപുലമായ ബജറ്റാണ് തയാറാക്കിയിട്ടുള്ളത്. ബ്ലോക്ക്പഞ്ചായത്തിനു ലഭ്യമായിട്ടുള്ള വിവിധകേന്ദ്ര സംസ്ഥാന ഫണ്ടുകൾ, പഞ്ചായത്തിന്റെ തനതു വരുമാനം എന്നിവഉൾപ്പെടുത്തിയും ബ്ലോക്ക് പഞ്ചായത്തുപരിധിയിലെ ഗ്രാമപഞ്ചായത്തുകളുടെ പദ്ധതികളുമായി സംയോജിപ്പിച്ചുകൊണ്ടും ഫലപ്രദമായരീതിയിൽ ലഭ്യമായ വിഭവ സ്രോതസുകൾ ഉപയോഗിച്ച് പദ്ധതികൾ തുടങ്ങിയിരിക്കുന്നു. കാർഷികമേഖലയ്ക്കും, ദാരിദ്ര്യലഘൂകരണത്തിനും, തൊഴിൽ നൈപുണ്യ വികസനത്തിനും, ഈബജറ്റ് ഊന്നൽ നൽകുന്നു. സംസ്ഥന സർക്കാരിന്റെ സമ്പൂർണ്ണ പാർപ്പിട പദ്ധതി എന്നലക്ഷ്യം കൈവരിക്കുന്നതിന് അതിന്റെ ഭാഗം ആകുന്നതിനു നമ്മുടെ പഞ്ചായത്തും പ്രതിജ്ഞാബദ്ധമാണ്.

അധികാര വികേന്ദ്രീകരണ പ്രക്രിയ മൂന്ന പതിറ്റാണ്ടുകൾ പിന്നിടുകയാണ്. ജന പങ്കാളിത്തത്തിൽ ഊന്നി നടപ്പിലാക്കിയ കാഴ്ചപ്പാടുകൾ ഉൾചേർത്തുവേണം ഇനി നമുക്ക് മുന്നോട്ടുപോകാൻ. പുതിയ ഭരണ സമിതി അധികാരത്തിൽ വന്നതിനുശേഷമുള്ള ആദ്യത്തെ ബജറ്റ്. 14-ാം പഞ്ചവത്സര പദ്ധതിയിലെ അവസാന ബഡ്ജറ്റാണ് അവതരിപ്പിക്കുന്നത്. കാർഷിക മേഖലയിൽ തരിശു രഹിത ബ്ലോക്ക് എന്ന ആശയം നടപ്പിലാക്കുന്നതിന് 'അന്നം സമ്പന്നം' പദ്ധതി ആവിഷ്കരിക്കാനാണ് ഉദ്ദേശം. സാധ്യമായ വിഭവ സ്രോതസ്സുകൾ ഉപയോഗപ്പെടുത്തി ബ്ലോക്ക്, ഗ്രാമപഞ്ചായത്ത്, ജില്ലാപഞ്ചായത്തുകളുമായി സംയോജിപ്പിച്ചുകൊണ്ടുള്ള പദ്ധതി നടപ്പിലാക്കാൻ ഊന്നൽ നൽകിയിട്ടുണ്ട്. ആരോഗ്യ രംഗത്താകട്ടെ പെരിയ പി.എച്ച്.സി. വഴി രോഗിക്കൾക്കാവശ്യമായ സേവനം നൽകുവാൻ ബജറ്റിൽ ഫണ്ട് നീക്കിവെച്ചിട്ടുണ്ട്. നൈപുണ്യ വികസനത്തിന്റെ ഭാഗമായി വിവിധ പരിശീലനങ്ങൾ നൽകുവാൻ ആഗ്രഹിക്കുന്നു. ആരോഗ്യപരിപാലനത്തിന് ഇപ്പോൾ സ്കീം, ഹാപ്പിനസ് പാർക്ക്, ചിൽഡ്രൻസ് പാർക്ക് എന്നിവയും ഈ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. പട്ടികവർഗ്ഗ- പട്ടികജാതി വിഭാഗത്തിൽ പി.എം.എ.വൈ ഭവന പദ്ധതിക്ക് ഫണ്ട് മാറ്റിവെച്ചിട്ടുണ്ട്. അവരുടെ ജീവനോപാധിക്കായി വാദ്യേപാകരണ വിതരണം, പഠന മുറി, എൽ.ഇ.ഡി. ബൾബ് നിർമ്മാണം, വിതരണം, തൊഴിൽ പരിശീലനം തുടങ്ങിയവ നടപ്പിലാക്കുന്നു. ടൂറിസം മേഖ

ലയിലാകട്ടെ വിനോദത്തിനാവശ്യമായിട്ടുള്ള വയലോര വിശ്രമ കേന്ദ്രങ്ങൾ എന്ന പദ്ധതി ആവിഷ്കരിക്കുന്നു. ബ്ലോക്ക് പഞ്ചായത്തിന്റെ വിഭവം ശേഖരിക്കാൻ ഗ്രാമ സഭയിൽ വന്ന ആവശ്യങ്ങളും നിർദ്ദേശങ്ങളും ക്രോഡീകരിച്ചുകൊണ്ട് ഈ ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ജനങ്ങളുടെ ക്ഷേമത്തിനും അതിജീവനത്തിനും സന്തോഷകരമായ ജീവിതസാഹചര്യങ്ങൾ സൃഷ്ടിക്കുന്നതിനും ജനാധിപത്യ പ്രാദേശിക സർക്കാരുകൾ എന്നും മുൻനിരയിൽ തന്നെ ഉണ്ടാകും. ഇനി ഭാവിയിലേക്കുള്ള പദ്ധതി നിർവഹണത്തിലും പ്രവർത്തനങ്ങളിലും എല്ലാവരുടെയുംപിന്തുണ പ്രതീക്ഷിച്ചുകൊള്ളുന്നു. വികസന പ്രഖ്യാപനങ്ങളും നിർദേശങ്ങളും സുതാര്യ തയോടെ, കാര്യാക്ഷമതയോടെ നടപ്പിലാക്കാൻ ഈബജറ്റ് മാർഗദർശിയാകും എന്ന് കരുതുന്നു. കാലോചിതവും ദീർഘവീക്ഷണത്തോടെയുള്ള പദ്ധതികൾക്കും ആശയങ്ങൾക്കും പ്രാമുഖ്യം നൽകികൊണ്ട് നവകേരള സൃഷ്ടിക്കായി കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്തിലെ 2025-26 വർഷത്തെ ബജറ്റ് പര്യാപ്തമാകുമെന്നു പ്രതീക്ഷിക്കുന്നു.

എന്ന്,

**കെ. സുജാത**

പ്രസിഡണ്ട്,

കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്ത്.

# ബഡ്ജറ്റ് 2026-27
# Budget Note & Budget Schedules

2026-27 വർഷത്തെ ബജറ്റ് യോഗത്തിലേക്ക് ഏവരേയും സ്നേഹാദരപൂർവ്വം സ്വാഗതം ചെയ്യുന്നു. കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2026-27 സാമ്പത്തിക വർഷത്തേക്കുള്ള പ്രതീക്ഷിത വരവുകളും പ്രതീക്ഷിത ചെലവുകളും ഉൾപ്പെടുത്തി തയ്യാറാക്കിയ ബജറ്റ് നിങ്ങൾക്ക് മുന്നിൽ അവതരിപ്പിക്കുകയാണ്. കേരളത്തിലെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ സേവനം പൂർണ്ണമായും കെ സ്മാർട്ടിലൂടെ ഓൺലൈൻ സംവിധാനമൊരുക്കിയ സാമ്പത്തിക വർഷമാണ് നടന്നുകൊണ്ടിരിക്കുന്നത്. അതുകൊണ്ടുതന്നെ നമ്മുടെ ഈ ബജറ്റും കെ സ്മാർട്ടിലൂടെയുള്ള ഒരു രേഖയാണ്.

ഈ ഭരണസമിതി അധികാരത്തിൽ വന്നതിനുശേഷം അവതരിപ്പിക്കുന്ന ആദ്യത്തെ ബജറ്റാണ് ഇത്. അധികാര വികേന്ദ്രീകരണത്തിന്റെ അടിസ്ഥാന തത്വങ്ങളിലൂടെ പ്രാദേശിക വികസനവും, സാമൂഹിക നീതി ഉറപ്പാക്കിയും നവകേരള സൃഷ്ടിക്കായി മുന്നേറുന്ന സംസ്ഥാന സർക്കാരിന്റെ നയങ്ങളോടൊന്നിച്ച് നിന്ന് കാലഘട്ടത്തിന്റെ പ്രത്യേകതകൾ ഉൾക്കൊണ്ട് നാളെയുടെ പ്രതീക്ഷകൾക്ക് പുതിയ രൂപവും ഭാവവും നൽകാൻ പ്രാപ്തമാക്കുന്നതുമാണ് കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്തിന്റെ ഈ ബജറ്റ്.

ബ്ലോക്ക് പഞ്ചായത്തുകളെ സംബന്ധിച്ച് നികുതി വരുമാന മേഖല ഇല്ല എന്നറിയാമല്ലോ. വാടക കെട്ടിടങ്ങളിൽ നിന്നും, ടെണ്ടർ ഫോറങ്ങളുടെ വിൽപ്പനയിൽ നിന്നും ലഭിക്കുന്നത് നാമമാത്രമായ തനത് വരുമാനം മാത്രമാണ്. തനത് വരുമാനവും സംസ്ഥാന സർക്കാരിൽ നിന്നും ലഭിക്കുന്ന ജനറൽ പർപ്പസ് ഫണ്ടും ഉൾപ്പെടെ 1.5 കോടി രൂപയാണ് പ്രതീക്ഷിത വരവ്. ഓഫീസ് പ്രവർത്തനത്തിനും, ശമ്പളം, ജനപ്രതിനിധികളുടെ ഹോണറേറിയം മറ്റ് ദൈനംദിന ചെലവുകൾ എന്നിവയ്ക്ക് നമ്മൾ ആശ്രയിക്കുന്നതും ഈ തുകയെ തന്നെയാണ്.

പുതിയ പദ്ധതികൾ ഈ ബജറ്റിൽ ഉൾപ്പെടുത്തുന്നതിനോടൊപ്പം തന്നെ കഴിഞ്ഞ ഭരണസമിതി ഏറ്റെടുത്ത വികസന പ്രവർത്തനങ്ങളുടെ തുടർച്ചയ്ക്കും അതിന്റെ പൂർണ്ണതയിൽ എത്തിക്കുന്നതിനുള്ള ശ്രമങ്ങൾക്കും പ്രാധാന്യം നൽകാൻ ഈ ബജറ്റിൽ ശ്രദ്ധിച്ചിട്ടുണ്ട്.

കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്തിന്റെ ആസൂത്രണ സമിതിയും, വർക്കിംഗ് ഗ്രൂപ്പും, വികസന സെമിനാറും, ഗ്രാമസഭയും, ഭരണസമിതിയും ചർച്ചചെയ്ത് അന്തിമമായ മുഴുവൻ പദ്ധതി വിവരങ്ങളും ഉൾക്കൊള്ളിച്ചുകൊണ്ടാണ് ഈ ബജറ്റ് രേഖ തയ്യാറാക്കിയത്. കൂടാതെ നൂതനവും, വൈവിധ്യവുമായ പ്രവർത്തികളുടെ വിവരങ്ങളും ഓരോ മേഖലയിലും ഈ ബജറ്റ് വർഷം ഏറ്റെടുക്കുന്ന പദ്ധതികളുടെ വിവരങ്ങളും ഇതിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

1996ൽ ആരംഭിച്ച ജനകീയാസൂത്രണ പരിപാടി ഇന്ന് രാജ്യത്തിനാകെ മാതൃകയാണ്. കഴിഞ്ഞ മുപ്പതാണ്ടുകൾ കേരളത്തിന്റെ സാമൂഹിക, സാമ്പത്തിക, സേവന മേഖലകളിലുണ്ടാക്കിയ നേട്ടങ്ങൾ നിസ്തുലമാണ്. മാലിന്യമുക്തം നവകേരളം, അതിദരിദ്രരില്ലാത്ത കേരളം എന്നിവ കെട്ടിപ്പടുക്കുന്നതിൽ ഈ കഴിഞ്ഞ കാലയളവിൽ നമ്മുടെ ബ്ലോക്ക് പഞ്ചായത്ത് ഉൾപ്പെടെയുള്ള പ്രാദേശിക സർക്കാരുകൾ വഹിച്ച പങ്ക് നിർണ്ണായകമാണ്. ജനങ്ങളുമായി ഏറ്റവും അടുത്ത് നിൽക്കുന്ന ഭരണസംവിധാനമാണ് പ്രദേശിക സർക്കാരുകൾ. അതുകൊണ്ടുതന്നെ ജനങ്ങളുടെ പ്രതീക്ഷകൾക്ക് ഒത്തുയരാനും വളരുവാനും പ്രവർത്തിക്കുവാനും നമുക്ക് സാധിക്കേണ്ടതുണ്ട്. ഇത് സാധ്യമാകണമെങ്കിൽ ജനപ്രതിനിധികളും, ജനകീയ സംവിധാനങ്ങളും, ഉദ്യോഗസ്ഥ സംവിധാനവും കാര്യക്ഷമമമായി ഒപ്പം ചേർന്ന് പ്രവർത്തിക്കണം. അതോടൊപ്പം ജനപങ്കാളിത്തം ഉറപ്പുവരുത്തുവാനും നമുക്ക് കഴിയണം. പുതിയ പ്രശ്നങ്ങളും വെല്ലുവിളികളും ഏറ്റെടുക്കാൻ നമുക്ക് കഴിയണം. സാമൂഹ്യ നീതിയിൽ അധിഷ്ഠിതമായ സാമ്പത്തിക വികസന പദ്ധതികൾ ഉൾപ്പെടുത്തിക്കൊണ്ടാണ് ഈ ബജറ്റ് തയ്യാറാക്കിയിരിക്കുന്നത്.

കേരളം ലോകത്തിന് തന്നെ മാതൃകയാകുന്ന നിരവധിയായ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുത്ത മേഖലയാണ് ആരോഗ്യ മേഖല. നമ്മുടെ ബ്ലോക്കിനെ സംബന്ധിച്ച് ആരോഗ്യ രംഗത്ത് പെരിയയിലെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററാണ് ഉള്ളത്. ഇതിൽ മുൻകാലങ്ങളിൽ നടപ്പിലാക്കിവരുന്ന സെക്കണ്ടറി പാലിയേറ്റീവ് ക്ലിനിക്, ഡയാലിസിസ് യൂണിറ്റ് തുടങ്ങിയ ഒട്ടേറെ ജനകീയ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

ആശുപത്രിയുടെ ഭൗതീക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ഈ ബജറ്റിൽ ഊന്നൽ നൽകിയിട്ടുണ്ട്. ഇതിനായി 31 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പാവപ്പെട്ട രോഗികൾക്ക് മരുന്ന് വാങ്ങി നൽകുന്നതിനായി അര കോടി രൂപയും, ആശുപത്രിയുടെ ദൈനംദിന പ്രവർത്തനങ്ങൾക്ക് 16 ലക്ഷം രൂപയും, ഡയാലിസിസ് യൂണിറ്റിന് 75 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. ആകെ 70 ലക്ഷം രൂപ ബജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

വയോജനങ്ങൾക്കും, ഭിന്നശേഷി വിഭാഗങ്ങൾക്കും സ്ത്രീകൾക്കും, കുട്ടികൾക്കും ആവശ്യമായിട്ടുള്ള പരിഗണനയും അതിലേക്കായി 90 ലക്ഷം രൂപയും ഈ ബജറ്റിൽ നമ്മൾ നൽകിയിട്ടുണ്ട്. പട്ടികജാതിക്കാർക്ക് 41.86ഉം, പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് 40.48ഉം ഉൾപ്പെടുത്തിയിട്ടുണ്ട്.

കാർഷിക രംഗത്ത് തൃതല പഞ്ചായത്തുകളും സംസ്ഥാന സർക്കാരും നിരവധിയായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ടെങ്കിലും ഉൽപ്പാദന മേഖലയിൽ ആ നിലയിൽ ഉൽപ്പാദന വർദ്ധനവ് പ്രതീക്ഷിച്ചത്രയും ഉണ്ടാക്കുന്നതിന് സാധിച്ചിട്ടില്ല. ആ മേഖലക്ക് കൂടുതൽ ഊന്നൽ നൽകേണ്ടതിന്റെ ആവശ്യകത പരിഗണിച്ച് തരിശു ഭൂമി കൃഷിയോഗ്യമാക്കുന്ന നൂതന പദ്ധതികൾ നടപ്പിലാക്കുന്നതിനായി ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുകൾ സംയുക്തമായ പദ്ധതികൾ നടപ്പിലാക്കേണ്ടതുണ്ട്. അതുകൊണ്ടുതന്നെ ഉൽപ്പാദന മേഖലയിൽ 1 കോടി 33 ലക്ഷം രൂപ വകയിരുത്തിയിട്ടുമുണ്ട്.

ലൈഫ്/പി.എം.എ.വൈ. ഭവന പദ്ധതികൾക്ക് വേണ്ടി 6 കോടി രൂപ ഭവന നിർമ്മാണ മേഖലയിൽ ബ്ലോക്ക് പഞ്ചായത്ത് ബജറ്റിൽ തുക വകയിരുത്തൽ നടത്തിയിട്ടുണ്ട്. മാലിന്യ സംസ്കരണം/ ശുചിത്വമേഖലയിലും, കാർഷിക ഉത്പാദന മേഖലയിലും നെൽകൃഷി മേഖല, ക്ഷീര മേഖല, വ്യവസായ മേഖല എന്നിവയിലൊക്കെ കൃത്യമായ വകയിരുത്തൽ ബജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഓരോ മേഖലയിലും ഏറ്റെടുക്കുന്ന പ്രവർത്തികളുടെ ലിസ്റ്റ് ഈ ബജറ്റിനോടൊപ്പം ചേർത്തുവെച്ചിട്ടുണ്ട്. ആയതിനാൽ പദ്ധതികളുടെ പേരും തുകയും ഇവിടെ പ്രത്യേകം ആവർത്തിക്കുന്നില്ല.

ബ്ലോക്ക് പഞ്ചായത്തിനെ സംബന്ധിച്ച് വിഭവലഭ്യത പരിമിതമാണെന്ന് നമുക്കറിയാം. എങ്കിലും മാർഗ്ഗരേഖയിൽ നിന്നുകൊണ്ട് ബ്ലോക്ക് പഞ്ചായത്തിന് ഏറ്റെടുക്കാവുന്ന നൂതനവും വൈവിധ്യവുമായ പദ്ധതികൾക്ക് വിവിധ മേഖലകളെ പരിഗണിച്ചും, പ്രാധാന്യം അനുസരിച്ചും കൃത്യമായ അളവിൽ ബജറ്റിൽ തുക വകയിരുത്താൻ സാധിച്ചിട്ടുണ്ട് എന്ന പൂർണ്ണ വിശ്വാസത്തിലാണ് ഈ ബജറ്റ് നിങ്ങൾക്കുമുമ്പിൽ സമർപ്പിക്കുന്നത്.

ബജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ള പദ്ധതികൾ ജനപങ്കാളിത്തത്തോടെ, സത്യസന്ധതയോടെ, സുതാര്യതയോടെ പൂർത്തീകരിക്കുക എന്നതാണ് നമ്മുടെ ലക്ഷ്യം. ആയതിലേക്ക് നിങ്ങളേവരുടേയും പരിപൂർണ്ണ പിന്തുണയും സഹകരണവും പ്രതീക്ഷിച്ചുകൊണ്ട് **9377755 രൂപ** പ്രാരംഭ ബാക്കി ഉൾപ്പെടെ **150574028 രൂപ** പ്രതീക്ഷിത വരവും,**144605068 രൂപ** പ്രതീക്ഷിത ചെലവും, **5968960 രൂപ** നീക്കിയിരിപ്പും പ്രതീക്ഷിക്കുന്ന 2026-27 വർഷത്തെ ബജറ്റ് ചർച്ചകൾക്കും അംഗീകാരത്തിനുമായി അവതരിപ്പിക്കുന്നു.

**പി. ഗോവിന്ദൻ**
വൈസ് പ്രസിഡണ്ട് &
കാഞ്ഞങ്ങാട്. ബ്ലോക്ക് പഞ്ചായത്ത്.

# 2026-27 ലെ ബജറ്റ്

| വരവ് | |
|---|---|
| പ്രാരംഭ ബാക്കി | 9377755.00 |
| ഫീ & യൂസർ ചാർജ്ജ് | 46,460.00 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 9968000.00 |
| സെയിൽ & ഹയർചാർജ്ജ് | 52500.00 |
| ബാങ്കുകൾ മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പ/ ധനസഹായം/ പലിശ | 600000.00 |
| ആകെ റവന്യൂ വരവുകൾ | 12031960.00 |
| പ്രത്യേക ഉദ്ദേശം/ പദ്ധതി | 128460681.00 |
| റിഡംപ്ഷൻ | 8581387.00 |
| തൊഴിലുറപ്പ് പദ്ധതിക്കുള്ള അഡ്വാൻസ് | 1500000.00 |
| **ആകെ വരവ്** | **150574028.00** |
| **ചെലവ്** | |
| പദ്ധതിയേതര ചെലവുകൾ | 6063000.00 |
| പദ്ധതി ചെലവുകൾ | 128460681.00 |
| റിഡംപ്ഷൻ | 4581387.00 |
| തനത് ഫണ്ട് പദ്ധതി ചെലവുകൾ | 4000000.00 |
| തൊഴിലുറപ്പ് പദ്ധതിക്കുള്ള അഡ്വാൻസ് | 1500000.00 |
| **ആകെ ചെലവുകൾ** | **144605068.00** |
| നീക്കിയിരിപ്പ് | **5968960.00** |

## ബജറ്റ് സംക്ഷിപ്ത രൂപം

| | |
|---|---|
| പ്രാരംഭ ബാക്കി | 9377755.00 |
| **ആകെ വരവ്** | **150574028.00** |
| പദ്ധതിയേതര ചെലവുകൾ | 6063000.00 |
| പദ്ധതി ചെലവുകൾ | 128460681.00 |
| തനത് ഫണ്ട് പദ്ധതി ചെലവുകൾ | 8581387.00 |
| തൊഴിലുറപ്പ് പദ്ധതിക്കുള്ള അഡ്വാൻസ് | 1500000.00 |
| **ആകെ ചെലവുകൾ** | **144605068.00** |
| നീക്കിയിരിപ്പ് | **5968960.00** |

## വാർഷികപദ്ധതി 2026-27
## വിഭവ സ്രോതസ്സും വകയിരുത്തലും

| വിഭവ സ്രോതസ്സ് | തുക |
|---|---|
| വികസന ഫണ്ട് (സാധാരണ വിഹിതം) | 4,56,46,000 |
| പ്രത്യേക ഘടകപദ്ധതി | 41,86,000 |
| പട്ടിക വർഗ്ഗ ഉപ പദ്ധതി | 40,48,000 |
| മെയിന്റനൻസ് ഗ്രാന്റ് | 64,22,000 |
| ധനകാര്യകമ്മീഷൻ വിഹിതം | 1,46,95,000 |
| **ആകെ** | **7,49,97,000** |
| ജനറൽ പർപ്പസ് ഗ്രാന്റ് | 88,67,000 |
| **മേഖലാ വിഭജനം (സാധാരണ വിഹിതം)** | |
| പാർപ്പിട മേഖല (ജനറൽ) | 1,12,00,000 |
| ഉൽപ്പാദന മേഖല | 1,33,00,000 |
| ശുചിത്വം മാലിന്യ സംസ്കരണം (ധനകാര്യകമ്മീഷൻ വിഹിതം) | 44,09,000 |
| വനിതാഘടക പദ്ധതി | 44,75,080 |
| കുട്ടികൾ, ഭിന്നശേഷിയുള്ളവർക്കുള്ള പദ്ധതി | 22,37,540 |
| വയോജനങ്ങൾക്ക് വേണ്ടിയുള്ള പദ്ധതി | 22,37,540 |
| പശ്ചാത്തല മേഖല | 32,00,000 |
| സേവന മേഖല | 1,34,00,000 |
| **ആകെ** | **4,56,46,000** |
| **മേഖലാ വിഭജനം (പട്ടികജാതി വിഹിതം)** | **41,86,000** |
| പാർപ്പിട മേഖല | 9,86,000 |
| കുട്ടികൾ, ഭിന്നശേഷിയുള്ളവർക്കുള്ള പദ്ധതി | 21,00,000 |
| സേവന മേഖല | 11,00,000 |
| **ആകെ** | **41,86,000** |
| **മേഖലാ വിഭജനം (പട്ടികവർഗ്ഗ വിഹിതം)** | **40,48,000** |
| പാർപ്പിട മേഖല | 14,24,000 |
| കുട്ടികൾ, ഭിന്നശേഷിയുള്ളവർക്കുള്ള പദ്ധതി | 12,00,000 |
| സേവന മേഖല | 10,24,000 |
| പശ്ചാത്തല മേഖല | 4,00,000 |
| **ആകെ.** | **40,48,000** |